ചൂരൽവടിയും കുട്ടികളും

■ എ.വി



സബർമതി ആശ്രമത്തോടു ചേർന്ന് ഒരു വിദ്യാലയമുണ്ടായിരുന്നു. കുട്ടികളെ വടികൊണ്ട് ശിക്ഷിക്കുന്ന ഏർപ്പാട് അവിടെയില്ല. ക്ലാസുകളിൽ അധ്യാപകർ വടി കൊണ്ടുപോകുന്നതുപോലും വിലക്കിയിരുന്നു.

അഹിംസയായിരുന്നു വിദ്യാലയത്തിന്റെ ആദർശം.

എന്നാലും ഇവിടെയും ചിലപ്പോഴൊക്കെ കാര്യങ്ങൾ അവതാളത്തിലാവും. വല്ലപ്പോഴും ചില വികൃതികളെ ഒന്നുരണ്ടു പൊട്ടിക്കാൻ അധ്യാപകർക്ക് തോന്നിപ്പോകും. ചില കുറുമ്പന്മാരുടെ ധിക്കാരം അത്രയ്ക്കും മൂക്കും.

ചില കുറുമ്പന്മാർ നേരമ്പോക്കും കുസൃതിത്തരങ്ങളും ധിക്കാരങ്ങളും കൊണ്ട് അധ്യാപകരെ പൊറുതി മുട്ടിക്കും. പാവം അധ്യാപകർ എല്ലാവിധ അഹിംസാരീതികളും പയറ്റിനോക്കും. പക്ഷേ, ഫലം തഥൈവ.

ഗാന്ധിജിയുടെ സബർമതിയിൽ അഹിംസ ഫലിക്കുന്നില്ലെന്ന് പ്രഖ്യാപിക്കുവാൻ അധ്യാപകർക്കു മടി.

അവസാനം പ്രശ്നം ഗാന്ധിജിയുടെ ചെവിയിലെത്തി. ഗാന്ധിജി അധ്യാപകരെ വിളിച്ചു. ചർച്ചയായി.

അധ്യാപകരോട് പറഞ്ഞു:

''ഈ പ്രശ്നത്തിന് രണ്ടു വഴികളാണ് ഞാൻ കാണുന്നത്.

ഒന്ന്: അഹിംസാമാർഗങ്ങൾ വിദ്യാർഥികളിൽ ഏശുന്നില്ലെങ്കിൽ അധ്യാപകന് ചൂരലെടുക്കാം.

രണ്ട്: ചൂരൽ പ്രയോഗംകൊണ്ട് താൽക്കാലിക ഫലമേ ഉണ്ടാകൂ എന്ന് മനസ്സിലാക്കി അധ്യാപകർ പരാജയപ്പെട്ടാൽ അത് തുറന്നു സമ്മതിക്കുക.''

ഒരധ്യാപകൻ ആദ്യത്തെ മാർഗമാണ് പ്രയോഗിക്കാനിഷ്ടപ്പെട്ടത്. അഹിംസാ മാർഗങ്ങൾ എല്ലാം പയറ്റി, രക്ഷയില്ല. ചൂരൽകൊണ്ട് നാലു പൊട്ടിച്ചു. പക്ഷേ അതുകൊണ്ടും വിദ്യാർഥി വഴിക്കു വരുന്നില്ല.

ഗാന്ധിജിക്ക് ഈ അധ്യാപകനെ നന്നായി അറിയാമായിരുന്നു. ചൂരൽ പ്രയോഗത്തിൽ മുന്നോട്ടു പോകാൻ ഗാന്ധിജി അദ്ദേഹത്തെ അനുവദിച്ചു.

ആശ്രമത്തിലെ ചില ആദർശവാദികൾ മൂക്കത്ത് വിരൽവെച്ചു. ഗാന്ധിജി ഹിംസയുമായി സന്ധി ചെയ്തിരിക്കുന്നു!

അധ്യാപകൻ വടിപ്രയോഗവുമായി മുന്നോട്ട് പോയി. വടിപ്രയോഗത്തിലൂടെ വിദ്യാർഥി പുരോഗമിക്കുന്നുണ്ടെന്നായി അധ്യാപകൻ.

ഗാന്ധിജി മിണ്ടിയില്ല. അദ്ദേഹം തന്റെ ചിന്ത ആരോടും പറഞ്ഞില്ല. കുറച്ച് ആഴ്ചകൾ കഴിഞ്ഞപ്പോൾ അധ്യാപകൻ ഗാന്ധിജിയോട് തുറന്നു സമ്മതിച്ചു: ചൂരൽ പ്രയോഗംകൊണ്ട് വെറും താൽക്കാലിക പുരോഗതി മാത്രം. വിദ്യാർഥി ഇപ്പോൾ പഴയതിനേക്കാൾ പ്രശ്നം.

വികൃതി! താന്തോന്നി! ധിക്കാരി!

പക്ഷേ, പരീക്ഷണം ഇവിടം കൊണ്ട് നിന്നില്ല.

അധ്യാപകൻ ആ വിദ്യാർഥിയെ പ്രത്യേകം ശ്രദ്ധിച്ചു. സ്നേഹപൂർവം തെറ്റുകൾ തിരുത്തി. സ്നേഹവും ശ്രദ്ധയും വിദ്യാർഥിയിൽ ചലനമുണ്ടാക്കി. അവൻ സ്നേഹത്തോടെ പ്രതികരിച്ചു.

ഈ സത്യം ഗാന്ധിജി നേരത്തെ മനസ്സിലാക്കിയിരുന്നു.

സ്നേഹത്തിനു മുന്നിൽ ഏതു കല്ലും അലിയും!

യുദ്ധവിമാനത്തിൽ സഞ്ചരിച്ച ആദ്യ ഇന്ത്യൻ രാഷ്ട്രപതി– എ.പി.ജെ അബ്ദുൽ കലാം